'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - അഡീഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് - താൽകാലിക സ്ഥാനക്കയറ്റം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1326/2019/ആ.കു.വ തീയതി,തിരുവനന്തപുരം, 03/06/2019

---

പരാമർശം:- 1 സ.ഉ (സാധാ) നം.1682/2011/ആകുവ തീയതി 30.04.2011

2 സ.ഉ (സാധാ) നം.3776/2011/ആകുവ തീയതി 27.10.2011

3 സ.ഉ(പി) നം. 15/2019/ആകുവ. തീയതി 01/04/2019

4 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 04/05/2019 ലെ ഇ.എ2-777/2017/ആകുവ നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം 1,2 ഉത്തരവ് പ്രകാരം ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാർക്ക് അഡീഷണൽ ഡയറക്ടർ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകിയിരുന്നു. 26/02/2019-ൽ കൂടിയ വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റിയിൽ ഇവരുടെ സ്ഥാനക്കയറ്റത്തിനായുള്ള സെലക്ട് ലിസ്റ്റ് അംഗീകരിക്കുയും ആയത് പരാമർശം 3 ഉത്തരവ് പ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഡോക്ടർമാരുടെ താൽക്കാലിക സ്ഥാനക്കയറ്റം ക്രമീകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 4 പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റി (ഡി.പി.സി) അംഗീകാരത്തോടെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയ താഴെപ്പറയുന്ന മെഡിക്കൽ ആഫീസർമാരുടെ അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്കുള്ള താൽക്കാലിക സ്ഥാനക്കയറ്റം ടിയാൻമാർ ടി തസ്തികയിൽ പ്രവേശിച്ച തീയതി മുതൽ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഡോ.സുധാകരൻ ആർ.

2) ഡോ. സരിത ആർ.എൽ.

3. ആരോഗ്യ വകുപ്പ് ഡയറക്ടർ ഈ ഉത്തരവ് PDF-ൽ ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് അടിയന്തിരമായി ശുപാർശ സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സരിത.ഡി**
ഡെപ്യൂട്ടി സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**മേലെഴുത്ത് നം: ഇ.എ2-[illegible]/ആ.വ.ഡ തീയതി 12.06.2019**
അറിവിലേക്കും അനന്തരനടപടികൾക്കുമായി പ്രസിദ്ധീകരിക്കുന്നു.

**ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി**